പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7928 24.07.2012-ൽ മറുപടിയ്ക്ക്

## കൂടംകുളം ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തിനുള്ള വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. എ. റ്റി. ജോർജ് :<br>ശ്രീ. വി. റ്റി. ബൽറാം : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കൂടംകുളം ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തേക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഹൈടെൻഷൻ ലൈനിൻെറ പണി പൂർത്തിയായിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) ഇല്ല. കൂടംകുളം ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തേക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് വേണ്ടിയാണ് തിരുനെൽവേലി മുതൽ ഇടമൺ-കൊച്ചി ഈസ്റ്റ് (പള്ളിക്കര) വഴി മാടക്കത്തറ വരെ 310 കിലോമീറ്റർ ദൈർഘ്യത്തിൽ 400 കെ. വി പവർ ലൈൻ നിർമ്മിക്കുന്നത്. ഇതിൽ തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണം 25-06-2010-ലും കൊച്ചി (പള്ളിക്കര) യിൽ നിന്നും തൃശ്ശൂർ മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണം 01-12-2011 ലും പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ കൊച്ചി (പള്ളിക്കര) വരെയുള്ള ലൈനിൻെറ നിർമ്മാണ പ്രവൃത്തികൾ പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിലെ കർഷകരുടെ എതിർപ്പു കാരണം തടസ്സപ്പെട്ടിരിക്കുകയാണ്. |
| (ബി) പ്രസ്തുത ലൈൻ പൂർത്തിയാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (ബി) പ്രസ്തുത ലൈൻ നിർമ്മാണ പ്രവൃത്തികൾ ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം സെൻട്രൽ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായ പവർഗ്രിഡ് കോർപ്പറേഷൻ (PGCIL) ആണ് നടപ്പാക്കുന്നത്. ഇതിൽ ഇടമൺ മുതൽ കൊച്ചി (പള്ളിക്കര) വരെയുള്ള ലൈൻ റൂട്ടിലെ തടസ്സങ്ങൾ നീക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പവർഗ്രിഡ് ഉദ്യോഗസ്ഥർ, വൈദ്യുതി ബോർഡിലെയും ഊർജ്ജ വകുപ്പിലെയും ഉദ്യോഗസ്ഥർ, പരാതിക്കാർ എന്നിവർ തമ്മിൽ ചർച്ച ചെയ്ത് സർക്കാർ തലത്തിൽ പ്രശ്നം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ.